# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 127**      **15.6.2012-ന് മറുപടിക്ക്**

**മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ<br>,, എളമരം കരീം<br>,, പി. ശ്രീരാമകൃഷ്ണൻ<br>,, എ. എം. ആരീഫ് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) മഴക്കാലപൂർവ്വ ശുചീകരണം സംബന്ധിച്ച് ശുചിത്വമിഷൻ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു ; | എ) മഴക്കാലപൂർവ്വശുചീകരണം സംബന്ധിച്ച് ശുചിത്വമിഷൻ താഴെ പറയുന്ന നിദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി.<br>• തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഉറവിട മാലിന്യ സംസ്കരണത്തിന് ഊന്നൽ നല്കിക്കൊണ്ട് സുരക്ഷിത മാലിന്യ പരിപാലനം നടത്തുക.<br>• വീടും പൊതുസ്ഥലങ്ങളും വൃത്തിയായി സൂക്ഷിക്കുകയും കൊതുകിന്റെ വളർച്ച തടയാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുക കിണറുകളിൽ ക്ലോറിനേഷൻ നടത്തുക.<br>• ഓരോ പ്രദേശത്തേയും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പട്ടികപ്പെടുത്തുക.<br>• ശുചിത്വ മാപ്പിംഗ് നടത്തി റിപ്പോർട്ട് സമർപ്പിക്കുക.<br>• ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക. |

- ഓരോ വാർഡുകളിലും ശുചിത്വ സ്ക്വാഡുകൾ രൂപീകരിച്ച് അവയ്ക്ക് നേതൃത്വം നല്കുന്നവർ ആഴ്ചയിലൊരിക്കൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുക.
- 'ഡ്രൈഡേ' ആചരിക്കുക.

ബി) മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നു ;

ബി) മേൽപറഞ്ഞ ശുപാർശകളുടെയടിസ്ഥാനത്തിൽ സർക്കാർ 7/5/2012 ന് 25434/ഡിസി1/2012/തസ്വഭ വകുപ്പു നമ്പരിൽ ഇതു സംബന്ധിച്ച വിശദമായ സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി. കൂടാതെ; തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ 16/5/2012ന് ജില്ലാ കളക്ടർമാരുടെ വീഡിയോ കോൺഫറൻസ് മുഖേന അതുവരെ നടന്ന മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുകയും ചെയ്തു. 17/5/2012 ൽ സംസ്ഥാന വ്യാപകമായി 'മഴയെത്തുംമുൻപേ' എന്ന പേരിൽ ശുചീകരണ പരിപാടികളുൾപ്പെടെ വിവിധ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. ആയതിന്റെ സംസ്ഥാനതല ഉദ്ഘാടനം കോഴിക്കോട് വെച്ച് ബഹു.മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. 17/5/2012 ൽ എല്ലാ ജില്ലകളിലും നടത്തേണ്ട ഏകോപന പ്രവർത്തനങ്ങളെ സംബന്ധിച്ചും തുടർപ്രവർത്തനങ്ങളെ കുറിച്ചും തീരുമാനിക്കുകയുണ്ടായി.

| | | | |
|---|---|---|---|
| സി) | ഈ വിഷയത്തിൽ മന്ത്രിതലത്തിൽ എത്ര യോഗങ്ങൾ നടത്തുകയുണ്ടായി; യോഗതീരുമാനങ്ങൾ എന്തൊക്കെയായിരുന്നു; | സി) | മുഖ്യമന്ത്രിയും വിവിധ മന്ത്രിമാരും പങ്കെടുത്ത 33 യോഗങ്ങൾ നടത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ചുമതലപ്പെടുത്തിയ മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി നടത്തേണ്ട കൂടിക്കിടക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യൽ, ജലാശയ മാലിന്യം നീക്കം ചെയ്യൽ, കൊതുകു നിവാരണം, വാർഡുതല സ്ക്വാഡു രൂപീകരണം, ആഴ്ചയിലൊരിക്കൽ 'ഡ്രൈഡേ' ആചരിക്കൽ, തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ചും ഒരോജില്ലയുമായി ബന്ധപ്പെട്ട പ്രത്യേക പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും, ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. |
| ഡി) | വേനൽമഴ ആരംഭിക്കുന്നതിനു മുൻപായി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സംവിധാനങ്ങൾ വിശദമാക്കുമോ? | ഡി) | വേനൽ മഴ ആരംഭിക്കുന്നതിന് മുമ്പേ തന്നെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും രോഗപ്രതിരോധ നിവാരണ പ്രവർത്തനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാർ, ജില്ലാകളക്ടർമാർ, ജില്ലാ ശുചിത്വമിഷൻ, ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ നടന്നുവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ |

വാർഡുകളിലും വാർഡ് മെമ്പർമാർ/ കൗൺസിലർമാർ എന്നിവരുടെ നേതൃത്വ ത്തിൽ ആവശ്യമായത്ര ശുചിത്വ കൂട്ടാ യ്മകളും വേണ്ടത്ര വാർഡുതല ശുചിത്വ സ്ക്വാഡുകളും രൂപീകരിക്കാനും അവർ എല്ലാ വീടുകളും സന്ദർശിച്ച് ഉറ വിടമാലിന്യസംസ്കരണം, 'ഡ്രൈഡേ' ആചരണം ബന്ധപ്പെട്ട മറ്റ് ബോധവത്ക രണ പ്രവർത്തനങ്ങൾ എന്നിവ നടത്തു വാനും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മഴ ക്കാല ശുചീകരണ പ്രവർത്തനങ്ങൾ നട ത്തുവാൻ ഗ്രാമപഞ്ചായത്തിലും നഗരസ ഭകളിലും വാർഡൊന്നിന് 25000 രൂപ വരെ ചെലവഴിക്കുവാൻ അനുമതിയും നല്കിയിട്ടുണ്ട്. അതിൽ ശുചിത്വമിഷന്റെ വിഹിതമായ 10000 രൂപ നൽകുന്നതിന് പെർമിസീവ് അനുമതി തദ്ദേശസ്വയംഭര ണവകുപ്പ് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ